## 62

*രീതി: ഉയിർത്തെഴുന്നാരെ*

സ്തുതിപ്പിനെന്നാളും ശ്രീയേശുവെ സ്തുതിപ്പിനെന്നാളും
കുരിശിൽ ജീവൻ തന്നു നമ്മെ വീടെടുത്തോനെ

1 ലംഘനം ക്ഷമിച്ചവൻ താൻ പാശബന്ധനമഴിച്ചവൻ താൻ
സന്താപം തീർത്തെന്നിൽ തൻ സ്തുതിസ്തോത്രം
സന്തതം പാടുവാൻ തന്നവൻ താൻ-

2 ഉള്ളത്തെ കവർന്നവൻ താൻ-പെരും
വെള്ളത്തിൽ നടന്നവൻ താൻ
കാറ്റും വൻതിരകളുമടക്കിയ ദേവൻ
മുറ്റും സങ്കേതമായ് നമുക്കുള്ളവൻ-

3 കല്ലറ തുറന്നവൻ താൻ-കൊടും
വൈരിയെ വെന്നവൻ താൻ
വിണ്ണിൽ പിതാവിൻ സന്നിധി തന്നിൽ
വാഴും പ്രധാനപുരോഹിതൻ താൻ

4 മഹിമയണിഞ്ഞവൻ താൻ-സർവ്വ
മാനവരക്ഷകൻ താൻ
തൻതിരു പാദത്തിലാശ്രയിച്ചുള്ളോർ-
ക്കേവർക്കുമാനന്ദ വല്ലഭൻ താൻ-

**G.P.**